**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : **213**

**28.05.2019 ൽ**

**മറുപടിയ്ക്ക്**

**എസ്.സി/എസ്.ടി സ്പെഷ്യൽ കോർട്ട്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിൽ എസ്.സി./ എസ്.ടി സ്പെഷ്യൽ കോർട്ട്, പോക്സോ കോടതി എന്നിവ അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ, നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;<br><br>(സി) പ്രസ്തുത കോടതികൾ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും എല്ലാ ജില്ലകളിലെയും പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ ആക്റ്റിന് കീഴിൽ രജിസ്റ്റർ ചെയ്ത് കോടതികളിൽ വിചാരണയിലിരിക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി കേസുകളുടെ ജില്ല തിരിച്ചുള്ള എണ്ണങ്ങളുടെ ബാഹുല്യം കണക്കിലെടുത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ പ്രത്യേക കോടതികളുടെ അധികാരപരിധി വിപുലീകരിക്കുവാനും (പാലക്കാട്-പാലക്കാട്,തൃശ്ശൂർ ജില്ലകളുടെ അധികാരപരിധി ; മലപ്പുറം-മലപ്പുറം,കോഴിക്കോട് ജില്ലകളുടെ അധികാരപരിധി; വയനാട്-വയനാട്,കണ്ണൂർ,കാസർഗോഡ് ജില്ലകളുടെ അധികാരപരിധി), കൂടാതെ തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിൽ (തിരുവനന്തപുരം-തിരുവനന്തപുരം ജില്ലാ അധികാര പരിധി ; പത്തനംതിട്ട- ആലപ്പുഴ, കോട്ടയം ജില്ലകളിലെ അധികാരപരിധി ; ഇടുക്കി-എറണാകുളം ജില്ലകളുടെ അധികാരപരിധി ) പുതുതായി 3 പ്രത്യേക കോടതികൾ ആരംഭിക്കുന്നതും സംബന്ധിച്ച് ഹൈക്കോടതി രജിസ്ട്രാറുടെ അഭിപ്രായം ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിനുപുറമേ എല്ലാ ജില്ലകളിലും പോക്സോകേസുകൾക്കു-വേണ്ടിയുള്ള കോടതി അനുവദിക്കുന്ന കാര്യവും സർക്കാരിന്റെ പരിശോധനയിലുണ്ട്. |

സെക്ഷൻ ഓഫീസർ